**അട്ടപ്പാടി മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം ത്വരിതപ്പെടുത്താൻ നടപടി**

121(4403) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയായ അട്ടപ്പാടിയിൽ അദ്ധ്യാപകർ ഇല്ലാത്തതുമൂലം സ്കൂളുകളിൽ പലതിലും ശരിയായ അദ്ധ്യയനം നടക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അട്ടപ്പാടി മേഖലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ട് ; ഓരോ സ്കൂളിലും ഇപ്പോൾ എത്ര അധ്യാപകർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഷോളയൂരിലെ ഗവൺമെന്റ് ട്രൈബൽ ഹൈസ്കൂളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് ഇപ്പോൾ ഒഴിവുള്ളത് ;

(ഇ) പുതൂർ ഗവൺമെന്റ് ഹൈസ്കൂളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഇപ്പോഴുണ്ട് ; ഇവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എഴുപത്തി ഒൻപത് (79) അദ്ധ്യാപകരുടെ ഒഴിവുകളാണ് ആകെയുള്ളത്. ഓരോ സ്കൂളിലും ഇപ്പോൾ ഉള്ള അദ്ധ്യാപകരുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഡി) | എൽ.പി.എസ്.എ., യു.പി., എസ്.എ. | - | 13 |
| | എച്ച്. എസ്.എ. കണക്ക് | - | 1 |
| | എച്ച്. എസ്. എ. നാച്ചറൽ സയൻസ് | - | 1 |
| (ഇ) | എച്ച്. എസ്. എ. കണക്ക് | - | 1 |
| | എച്ച്. എസ്. എ. ഇംഗ്ലീഷ് | - | 1 |
| | എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് | - | 2 |

ഇവ നികത്തുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly